**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 33** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>ഹെലികോപ്ടറിന്റെ വാടക ഇനത്തിൽ ചിലവായ തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാന സർക്കാർ ഏതൊക്കെ ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഹെലികോപ്ടർ വാടകയ്ക്ക് എടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഹെലികോപ്ടർ എന്തെല്ലാം ആവശ്യങ്ങൾക്കായാണ് ഉപയോഗിച്ചതെന്നും ആരെല്ലാമാണ് ഉപയോഗിച്ചിരുന്നതെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാരിന്റെ കാലത്ത് ചുവടെ പ്രതിപാദിക്കുന്ന ആവശ്യങ്ങൾക്കായാണ് ഹെലികോപ്ടർ വാടകയ്ക്കെടുത്തിട്ടുള്ളത് : LWE ബാധിത മേഖലകളിലെ വ്യോമ നിരീക്ഷണം, തീരദേശ/ അതിർത്തി പ്രദേശങ്ങളിലെ നിരീക്ഷണം, VIP ഗതാഗതം, എയർ ആംബുലൻസ്/ അവയവ കൈമാറ്റം, പ്രകൃതിക്ഷോഭ സമയങ്ങളിലെ നിരീക്ഷണവും രക്ഷാ പ്രവർത്തനങ്ങൾ.

മേൽ പ്രകാരം അവശ്യഘട്ടങ്ങളിൽ ബഹു.ഗവർണർ/ മുഖ്യമന്ത്രി/ഉന്നത പോലീസ് ഉദ്യോഗസ്ഥർ/ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരാണ് ഈ സംവിധാനം ഉപയോഗിച്ചത്.

**(ബി)** ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ സംസ്ഥാന സർക്കാർ വാടകയ്ക്ക് എടുത്ത ഹെലികോപ്ടർ ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾക്കായി എത്ര തവണ, എത്ര മണിക്കൂർ ഉപയോഗിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(സി)** ഹെലികോപ്ടറിന്റെ വാടകയ്ക്കും മറ്റ് അനുബന്ധ ചിലവുകൾക്കുമായി സർക്കാരിന്റെ ഖജനാവിൽ നിന്നും നാളിതുവരെ എത്ര തുക ചെലവഴിക്കേണ്ടി വന്നു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** M/s Chipsan Aviation Private Limited-ന് ഹെലികോപ്ടറിന്റെ വാടകയായി നാളിതുവരെ Rs.21,60,00,000/- (ഇരുപത്തിയൊന്ന് കോടി അറുപത് ലക്ഷം രൂപ) നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**